I. ഇ.ബി. XV1-കേരള നിയമസഭ/II-2

**പതിനാറാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2026 ഒക്ടോബർ 13, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

ആരോഗ്യമേഖലയിലെ പ്രതിസന്ധി

മി. സ്പീക്കർ: സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ കഴിഞ്ഞ രണ്ട് മാസമായി തുടരുന്ന ഗുരുതരമായ മരുന്ന് ക്ഷാമം, കോട്ടയം മെഡിക്കൽ കോളേജിൽ ചികിത്സാപ്പിഴവുമൂലം വീട്ടമ്മ മരിച്ചതടക്കമുള്ള സംഭവങ്ങൾ, ജീവനക്കാരുടെ പിരിച്ചുവിടലും സ്ഥലം മാറ്റങ്ങളും, അപ്രഖ്യാപിത പവർകട്ട് കാരണം ശസ്ത്രക്രിയകൾ മുടങ്ങുന്ന സാഹചര്യം, ആശുപത്രികളിൽ വേണ്ടത്ര സൗകര്യങ്ങളില്ലാത്തതും പകർച്ചപ്പനി ഉൾപ്പെടെയുള്ള രോഗങ്ങൾമൂലമുള്ള മരണനിരക്കിലെ വർധന തുടങ്ങിയവ ആരോഗ്യമേഖലയിൽ ഉണ്ടാക്കിയിരിക്കുന്ന പ്രതിസന്ധി ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവശ്രീ കെ. വി. സുമേഷ്, കെ. രാജൻ, പി. കെ. പ്രവീൺ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): ആരോഗ്യമേഖലയിൽ പ്രതിപക്ഷം ഉന്നയിച്ച പ്രശ്നങ്ങളൊന്നും നിലവിലില്ല. എച്ച്.എം.സി.-യിൽനിന്ന് എച്ച്.ഡി.എസ്. മുഖേന ലോക്കൽ പർച്ചേസ് നടത്തിയും സ്റ്റോക്ക് കൂടുതലുള്ള

ആശുപത്രികളിൽനിന്ന് റീ-അറേഞ്ച് ചെയ്തും മരുന്ന് ക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിക്കുകയും ഡി.എം.ഒ.-യുടെ നേതൃത്വത്തിൽ മോണിറ്ററിങ്ങിന് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇടനിലക്കാരെ ഒഴിവാക്കി മറ്റ് സംസ്ഥാനങ്ങളിലെ മെഡിക്കൽ സർവീസസ് കോർപ്പറേഷനുകളുമായി ബന്ധപ്പെട്ട് ബ്രാൻഡഡ് ജനറിക് മരുന്നുകൾ അടുത്ത വർഷം മുതൽ വാങ്ങാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ രോഗി മരണപ്പെട്ട സംഭവത്തിൽ അന്വേഷണ റിപ്പോർട്ട് ലഭ്യമായശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. പെർഫോമൻസ് അപ്രൈസലിന്റെ അടിസ്ഥാനത്തിലാണ് നാഷണൽ ഹെൽത്ത് മിഷനിൽ ജോലി ചെയ്തിരുന്നവരുടെ കരാർ കാലാവധി അവസാനിപ്പിച്ചത്. ആശുപത്രികളിൽ ജനറേറ്റർ സൗകര്യമുള്ളതിനാൽ പവർ കട്ട് കാരണം ശസ്ത്രക്രിയകൾ മുടങ്ങിയിട്ടില്ല. പുനലൂർ താലൂക്ക് ആശുപത്രിയിൽ 24 മണിക്കൂർ സ്പെഷ്യാലിറ്റി സേവനവും തിരുവനന്തപുരം ജനറൽ ആശുപത്രിയിലും കൊല്ലം ജില്ലാശുപത്രിയിലും 24x7 എന്ന രീതിയിൽ കാർഡിയോളജി ഡോക്ടറുടെ സേവനവും കൂടുതൽ ആശുപത്രികളിൽ ഐ.സി.യു., എം.ആർ.ഐ., സി.റ്റി. സ്കാൻ, ഓപ്പറേഷൻ തിയേറ്ററുകൾ, കാത്ത് ലാബ്, ഡയാലിസിസ് സംവിധാനങ്ങളും ഏർപ്പെടുത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നിപയും പകർച്ചപ്പനിയും തടയാനുമുള്ള നടപടികൾ ശക്തമാക്കിയിട്ടുണ്ട്.

<u>ശ്രീ. കെ. വി. സുമേഷ്</u>: സംസ്ഥാന മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ വർഷാവർഷം ആവശ്യമായ മരുന്ന് പർച്ചേസ് ചെയ്ത് വിതരണം ചെയ്യുന്ന സംവിധാനം പരാജയപ്പെട്ടതുകാരണം പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നുപോലും ലഭ്യമാകാത്ത സ്ഥിതിയാണുള്ളത്. സർക്കാർ ആശുപത്രികളിലെ ചികിത്സാപിഴവുമൂലം രോഗികൾ ഗുരുതരാവസ്ഥയിലാകുകയും ജീവഹാനിവരെ സംഭവിക്കുകയും ചെയ്യുന്നുണ്ട്. അപ്രഖ്യാപിത പവർകട്ട് കാരണം ശസ്ത്രക്രിയകൾ മാറ്റിവയ്ക്കുകയാണ്. ജീവനക്കാരെ അന്യായമായി സ്ഥലംമാറ്റുന്നതിനാൽ ആരോഗ്യമേഖലയിലെ പല വിഭാഗങ്ങളും പ്രവർത്തനരഹിതമായിരിക്കുകയാണ്. കരാർ ജീവനക്കാരെ പിരിച്ചുവിടുന്ന നടപടി ഒഴിവാക്കണം. ജില്ലാശുപത്രികളിൽ ഉൾപ്പെടെ ഡോക്ടർമാരുടെയും സർജന്മാരുടെയും തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ആരോഗ്യ മേഖലയുടെ അപകടകരമായ ഈ അവസ്ഥ മുഖ്യമന്ത്രി ഇടപെട്ട് പരിഹരിക്കണം. ആരോഗ്യ വകുപ്പിന്റെ കാര്യക്ഷമതയില്ലായ്മ സംസ്ഥാനത്തെ ജനങ്ങളുടെ ജീവിതം ദുസ്സഹമാക്കിയിരിക്കുകയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): ആശുപത്രികളിലെ മെഡിക്കൽ സ്റ്റോറുകളിൽ അവശ്യംവേണ്ട മരുന്നുകൾ ലഭ്യമാക്കുന്നതിന് എച്ച്.എം.സി. ഉൾപ്പെടെയുള്ള സംവിധാനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് സാധാരണ ജനങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് മരുന്ന് ലഭ്യമാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ചികിത്സാപ്പിഴവുകൾ സംബന്ധിച്ച് പരിശോധിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവശ്രീ പിണറായി വിജയൻ, കെ. രാജൻ, പി. കെ. പ്രവീൺ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്ത് പോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**II ശ്രദ്ധക്ഷണിക്കൽ**

1. സർക്കാർ ആശുപത്രികളുടെ സമഗ്ര വികസനം

ശ്രീ. എൻ. ശക്തൻ: നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ചെങ്കൽ, പൊഴിയൂർ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സാ സംവിധാനം പുനരാരംഭിക്കണം. നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ബഹുനില കെട്ടിടം നിർമ്മിക്കുന്നതിനും ട്രോമാകെയർ, നെഫ്രോളജി, കാർഡിയോളജി, ന്യൂറോളജി, യൂറോളജി, ഗ്യാസ്ട്രോഎൻട്രോളജി, കാൻസർ യൂണിറ്റ് എന്നിവ അനുവദിക്കുന്നതിനും തിരുവനന്തപുരം ജനറൽ ആശുപത്രിക്ക് സമാനമായി നെയ്യാറ്റിൻകര ജനറൽ ആശുപത്രിയെ ഉയർത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പത്ത് സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ താലൂക്ക്-ജില്ലാ-ജനറൽ ആശുപത്രികളിലും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിലും മറ്റ് സ്പെഷ്യാലിറ്റി ആശുപത്രികളിലും കിടത്തി ചികിത്സാ സൗകര്യം ലഭ്യമാണ്. സി.എച്ച്.സി.-കളുടെ അംഗീകൃത തസ്തിക ഘടന കിടത്തി ചികിത്സാ സൗകര്യങ്ങൾ ആരംഭിക്കുന്നതിന് പര്യാപ്തമല്ല. നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടം നിർമ്മിക്കുന്നതിന് 11 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ICU കെട്ടിട നിർമ്മാണം 70 ശതമാനവും പേവാർഡ് നിർമ്മാണം പൂർണ്ണമായും പൂർത്തീകരിച്ചിട്ടുണ്ട്. ജൂനിയർ

കൺസൾട്ടന്റ് (റേഡിയോ ഡയഗ്നോസിസ്), ജൂനിയർ കൺസൾട്ടന്റ് (ഫോറൻസിക് മെഡിസിൻ) തസ്തികകൾ സൃഷ്ടിക്കുകയും ട്രോമാകെയർ, ഡയാലിസിസ് യൂണിറ്റ്, ലാബ്, ബ്ലഡ് ബാങ്ക് എന്നിവ പ്രവർത്തനസജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. ആശുപത്രി വികസനത്തിനായി കണ്ടിജൻസി ചാർജായി 50 ലക്ഷം രൂപ കൈമാറുകയും മെയിന്റനൻസിനായി ജില്ലാ പഞ്ചായത്ത് പ്രോജക്ടിലുൾപ്പെടുത്തി 25 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പൊഴിയൂർ കുടുംബാരോഗ്യ കേന്ദ്രം തുറമുഖ പ്രദേശത്തായതിനാൽ പ്രത്യേക പരിഗണന നൽകി കിടത്തി ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്ന വിഷയം പരിശോധിക്കുന്നതാണ്.

(2) ദേശീയപാത 66, എം.സി. റോഡ് എന്നിവയുടെ വികസനം

ശ്രീ. കെ. എൻ. ബാലഗോപാൽ: കേന്ദ്രസർക്കാരിന്റെ അനാസ്ഥയും നിർമ്മാണവസ്തുക്കൾ കൊണ്ടുവരുന്നതിന് തമിഴ്നാട് സർക്കാർ ഏർപ്പെടുത്തിയ ഉപരോധവും കരാറുകാരുടെ കെടുകാര്യസ്ഥതയും ദേശീയപാത 66-ന്റെയും എം.സി. റോഡിന്റെയും നിർമ്മാണ പ്രവർത്തനത്തെ ബാധിച്ചിരിക്കുകയാണ്. അനധികൃത പാർക്കിങ്ങുകളും കച്ചവടങ്ങളും തടയണമെന്നും സുരക്ഷാ ടാസ്ക് ഫോഴ്സ് രൂപീകരിക്കണമെന്നുമുള്ള സുപ്രീംകോടതി നിർദേശം നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം. ദേശീയപാതയ്ക്ക് സമീപം വീടുകൾക്കും കച്ചവട സ്ഥാപനങ്ങൾക്കും അനുമതി നൽകുന്ന സുപ്രീംകോടതിയുടെ ഇടക്കാല ഉത്തരവുമായി സർക്കാർ മുന്നോട്ടുപോകരുത്. ദേശീയപാത 66-ന്റെ പ്രവൃത്തി എത്രയുംവേഗം പൂർത്തീകരിക്കണം. എം.സി. റോഡ് റീസർഫസിങ് ചെയ്യുന്നതിനും പ്രധാന ജങ്ഷനുകളിൽ ബൈപ്പാസ് നിർമ്മിക്കുന്നതിനും ലാൻഡ് അക്വിസിഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനും കൊട്ടാരക്കര ബൈപ്പാസിന്റെ നിർമ്മാണം ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): ദേശീയപാത 66-ന്റെ 80 ശതമാനത്തോളം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ദേശീയപാതയ്ക്ക് സമീപം വീടുകൾക്കും കച്ചവട സ്ഥാപനങ്ങൾക്കും അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധിക്കെതിരെ അഫിഡവിറ്റ് സമർപ്പിച്ചിട്ടുണ്ട്. അരൂർ-തുറവൂർ എലവേറ്റഡ് ഹൈവേയുടെ നിർമ്മാണം 2027 ജനവരിയിൽ പൂർത്തീകരിക്കുന്നതാണ്. ദേശീയപാത 66, എം.സി. റോഡ് എന്നിവയുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. കൊട്ടാരക്കര ബൈപ്പാസിന്റെ നിർമ്മാണത്തിന് 254

കോടിരൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയും 22.62 കോടിരൂപ കളക്ടറുടെ അക്കൗണ്ടിലേക്ക് റിലീസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എത്രയുംവേഗം ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്.

**റൂളിങ്**

12-10-2026- ന് സഭയിൽ ഫൈബർ ലാത്തി പ്രദർശിപ്പിച്ച സംഭവം

മി. സ്പീക്കർ: ഇന്നലെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി തേടിയ വേളയിൽ ശ്രീ. വി. ജോയി എം.എൽ.എ. കറുത്ത നിറത്തിലുള്ള പിടിഭാഗം ഒടിഞ്ഞ ഒരു ഫൈബർ ലാത്തി സഭയിൽ പ്രദർശിപ്പിക്കുകയുണ്ടായി. നിയമസഭാ രേഖകൾ പരിശോധിച്ചതിൽനിന്നും ഒരു ബില്ലിന്റെ ചർച്ചാ വേളയിൽ രണ്ട് കുപ്പി ബിയർ സഭയിൽ പ്രദർശിപ്പിച്ചപ്പോഴും കഞ്ചാവ് വേട്ട സംബന്ധിച്ച ചർച്ചാ വേളയിൽ കഞ്ചാവ് പൊതി സഭയിൽ പ്രദർശിപ്പിച്ചപ്പോഴും സഭ പ്രസ്തുത അംഗങ്ങളുടെ നടപടിയെ അപലപിക്കുകയും അനുവദനീയമല്ലാത്ത പദാർഥങ്ങൾ സഭയിൽ കൊണ്ടുവരരുതെന്ന് റൂളിങ് നൽകുകയും ചെയ്തിട്ടുണ്ട്. സഭയിൽ ഗ്രനേഡ് പോലുള്ള സ്ഫോടക വസ്തുക്കൾ പ്രദർശിപ്പിക്കുന്നത് ഒരുതരത്തിലും അംഗീകരിക്കാനാവുന്നതല്ലെന്നും സ്ഫോടക വസ്തുക്കൾ, മാരകായുധങ്ങൾ, മറ്റ് നിരോധിത വസ്തുക്കൾ എന്നിവ സഭയിൽ പ്രദർശിപ്പിക്കരുതെന്നും 08-07-2005-ന് ചെയർ റൂളിങ് നൽകുകയും ഡയറക്ഷൻ നമ്പർ 20 പ്രകാരം പ്രസ്തുത വസ്തുക്കൾ സഭയിൽ കൊണ്ടുവരുന്നത് നിരോധിക്കുകയും ചെയ്തിട്ടുണ്ട്. നാടകീയ രംഗങ്ങൾ സൃഷ്ടിക്കാൻ സഭയിൽ വസ്തുക്കൾ പ്രദർശിപ്പിക്കുന്നതും ഹാജരാക്കുന്നതും തെറ്റാണെന്ന് ശക്ധർ ആൻഡ് കൗളും പ്രതിപാദിക്കുന്നുണ്ട്. സഭയിലെ അംഗങ്ങളുടെ പെരുമാറ്റച്ചട്ടം 3 (XI) പ്രകാരം സഭയിൽ ആയുധങ്ങൾ കൊണ്ടുവരാനോ പ്രദർശിപ്പിക്കാനോ പാടില്ല. ആരോഗ്യ കാരണങ്ങളാലല്ലാതെ വാക്കിങ് സ്റ്റിക്കുപോലും സഭയിൽ കൊണ്ടുവരാൻ പാടില്ലെന്നിരിക്കെ ഫൈബർ ലാത്തി സഭയിൽ കൊണ്ടുവന്നത് ശരിയായ നടപടിയല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

**III സബ്മിഷൻ**

1) ഇടുക്കി ഡാം ടൂറിസം കോറിഡോർ

ശ്രീ. റോയി കെ. പൗലോസ്: ഇടുക്കി ഡാം എല്ലാ ദിവസവും വിനോദസഞ്ചാരികൾക്കായി തുറന്നുകൊടുക്കാനും കാൽവരിമൗണ്ട്, അഞ്ചുരുളി ഉൾപ്പെടെയുള്ള കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് ഇടുക്കി ഡാം ടൂറിസം കോറിഡോർ പദ്ധതി നടപ്പാക്കാനുമുള്ള നടപടി സ്വീകരിക്കണം.

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): ഇടുക്കി ഡാം എല്ലാ ദിവസവും വിനോദസഞ്ചാരികൾക്ക് തുറന്നുകൊടുക്കാനുള്ള അനുമതി ലഭ്യമാക്കുന്നതിനും സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സന്ദർശനം സുഗമമാക്കുന്നതിനും ആവശ്യമായ സംവിധാനങ്ങൾ കേരള ഹൈഡൽ ടൂറിസം സെന്റർ സജ്ജമാക്കിയിട്ടുണ്ട്. കാൽവരിമൗണ്ട്, അഞ്ചുരുളി, കുളമാവ്, ചെറുതോണി, വാഴത്തോപ്പ്, ഹിൽവ്യൂ പാർക്ക്, അയ്യപ്പൻകോവിൽ, തൂക്കുപാലം തുടങ്ങിയ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് ഇടുക്കി ഡാം ടൂറിസം കോറിഡോർ നടപ്പാക്കുന്നതിനായി സാധ്യതാപഠനം നടത്തി തീരുമാനമെടുക്കുന്നതാണ്.

2) കെ.എസ്.ഇ.ബി. മീറ്റർ റീഡർമാരുടെ പ്രതിഫലം

ശ്രീമതി ഗീതാ ഗോപി: കെ.എസ്.ഇ.ബി.എൽ.-ൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന മീറ്റർ റീഡർമാരുടെ പ്രതിഫലം വർധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): കെ.എസ്.ഇ.ബി.എൽ.-ൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന മീറ്റർ റീഡർമാരുടെ പ്രതിഫല നിരക്കുകൾ കാലാനുസൃതമായി പരിഷ്കരിക്കാറുണ്ട്. ജോലി ഭാരവും നിലവിലുള്ള പ്രതിഫല നിരക്കുകളും പരിഗണിച്ചും സാമ്പത്തിക ബാധ്യത പരിശോധിച്ചും വൈദ്യുതി ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. മീറ്റർ റീഡർമാർ നടത്തിവന്നിരുന്ന സമരം അവസാനിപ്പിച്ച സാഹചര്യത്തിൽ അവരുമായി ചർച്ച ചെയ്ത് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

3) എറണാകുളം മണ്ഡലത്തിലെ കുടിവെള്ളക്ഷാമം

ശ്രീ. ടി. ജെ. വിനോദ്: എറണാകുളം നിയോജകമണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. മുഹമ്മദ് ഷിയാസ്: കൊച്ചി നിയോജകമണ്ഡലത്തിലെ കുമ്പളങ്ങി, ചെല്ലാനം പഞ്ചായത്തുകളിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കാൻ വാട്ടർ അതോറിറ്റി നേരിട്ട് കുടിവെള്ളം എത്തിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): 190 എം.എൽ.ഡി ശേഷിയുള്ള ആലുവ ജലശുദ്ധീകരണശാലയുടെ നിർമ്മാണം പൂർത്തിയാകുന്നതോടെ കൊച്ചി കോർപ്പറേഷനിലെയും സമീപ പ്രദേശങ്ങളിലെയും ജലവിതരണ സംവിധാനം മെച്ചപ്പെടുത്താൻ സാധിക്കും. ജലച്ചോർച്ച കുറയ്ക്കുന്നതിനായി ADB

സഹായത്തോടെ കേരള അർബൻ വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ (KUWSIP) ഭാഗമായി സർവെ, അസറ്റ് മാപ്പിങ്, പഴയ പൈപ്പുകൾ മാറ്റിസ്ഥാപിക്കൽ, 10 വർഷത്തെ തുടർ പരിപാലനം എന്നിവ നടന്നുവരികയാണ്. കൊച്ചിയിലെയും പരിസര പ്രദേശങ്ങളിലെയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(4) ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജ്

ശ്രീ. കെ. കെ. രാമചന്ദ്രൻ: പുതുക്കാട് നിയോജകമണ്ഡലത്തിലെ ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും റെഗുലേറ്റർ പ്രവർത്തനക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): 2008-ൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ച ആറ്റപ്പിള്ളി റെഗുലേറ്റർ-കം- ബ്രിഡ്ജിന്റെ ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി ലഭ്യമാക്കിയ 18.90 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനും റെഗുലേറ്റർ പ്രവർത്തനക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(5) എം.സി. റോഡിലെ അപകടങ്ങൾ

ശ്രീ. സി. വി. ശാന്തകുമാർ: എം.സി. റോഡിൽ ഏനാത്ത് മുതൽ പന്തളം വരെയുള്ള ഭാഗത്ത് വർധിച്ചുവരുന്ന റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനും മണ്ഡല-മകരവിളക്ക് കാലത്ത് ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനത്തോടെ പ്രവർത്തനങ്ങൾ നടത്തുന്നതിനും സമഗ്ര പഠനം നടത്തി റോഡപകടങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനും നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): എം.സി. റോഡ് അടക്കമുള്ള റോഡുകളിലെ അപകടസ്ഥലങ്ങളിൽ പോലീസ്, മോട്ടോർ വാഹന വകുപ്പ്, നാറ്റ്പാക് തുടങ്ങിയവയുടെ നേതൃത്വത്തിൽ സംയുക്ത പരിശോധന നടത്തി ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾവഴി തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്. ശബരിമല സീസൺ മുൻനിർത്തി പ്രത്യേക സുരക്ഷാ ക്രമീകരണങ്ങളും ബ്ലാക്ക് സ്പോട്ടുകൾ ഒഴിവാക്കാനുള്ള ശാസ്ത്രീയ നടപടികളും സ്വീകരിച്ചിട്ടുണ്ട്. മുഖ്യമന്ത്രി ചെയർമാനും ഗതാഗത വകുപ്പുമന്ത്രി കോ-ചെയർമാനുമായി സംസ്ഥാനത്ത് റോഡ് സുരക്ഷാ മിഷൻ പ്രവർത്തനമാരംഭിക്കുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള

ഗവേണിങ് കൗൺസിൽ സംവിധാനം നിലവിൽ വരുന്നതാണ്. ഏനാത്ത്-പന്തളം ഭാഗത്ത് റോഡപകടങ്ങൾ ലഘൂകരിക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തുന്നതാണ്.

(6) പുതുക്കോട് സർവജന ഹയർ സെക്കൻഡറി സ്കൂൾ ഏറ്റെടുക്കൽ

ശ്രീ. പി. പി. സുമോദ്: പുതുക്കോട് സർവജന ഹയർ സെക്കൻഡറി സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടി വേഗത്തിലാക്കുകയും ഇതിനായി വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ പ്രത്യേക യോഗം വിളിച്ചുചേർക്കുകയും ചെയ്യണം.

പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എൻ. ഷംസുദ്ദീൻ): പുതുക്കോട് സർവജന ഹയർ സെക്കൻഡറി സ്കൂൾ ഏറ്റെടുക്കാൻ 2021-ൽ സർക്കാർ തത്വത്തിൽ അംഗീകാരം നൽകയിരുന്നു. തൃശ്ശൂർ നടുവിൽ മഠവും സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ എഡ്യൂക്കേഷൻ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റും അവകാശവാദമുന്നയിച്ച് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിനാൽ ഉടമസ്ഥാവകാശം സംബന്ധിച്ച് ഹിയറിങ് നടത്തി തീർപ്പ് കൽപിക്കാൻ ഹൈക്കോടതി സർക്കാരിനോട് നിർദേശിക്കുകയുണ്ടായി. സ്കൂളിന്റെ യഥാർഥ ഉടമസ്ഥനെ കണ്ടെത്താനുള്ള രേഖകൾ അടങ്ങിയ ഫയൽ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണുള്ളത്. നിയമപരമായ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്ന മുറയ്ക്ക് സ്കൂൾ ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(7) തിരുവല്ല- മല്ലപ്പള്ളി- ചേലക്കൊമ്പ് റോഡ് നവീകരണം

ശ്രീ. വർഗ്ഗീസ് മാമ്മൻ: തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡ് നവീകരണ നടപടികൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): 2016-ൽ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ച തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡിന്റെ അലൈൻമെന്റ്, ഭൂമി ഏറ്റെടുക്കൽ, സർവെ റിപ്പോർട്ട്, സ്ട്രക്ചറൽ വാല്യുവേഷൻ, എസ്റ്റിമേറ്റ് തുടങ്ങിയവ തയ്യാറായിട്ടില്ല. റിവൈസ്ഡ് എസ്റ്റിമേറ്റ്, ഡി.പി.ആർ. എന്നിവ ലഭ്യമാകേണ്ടതുണ്ട്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിന് കാലതാമസം ഉണ്ടാകുമെന്നതിനാൽ പ്രസ്തുത റോഡ് നവീകരിക്കുന്നതും നിലവിലുള്ള റോഡ് താൽക്കാലികമായി ഗതാഗതയോഗ്യമാക്കുന്നതും സംബന്ധിച്ച് എം.എൽ.എ.യുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കാവുന്നതാണ്.

(8) പെരിങ്ങാടി ലെവൽക്രോസിൽ മേൽപാലം

ശ്രീ. കാരായി രാജൻ: തലശ്ശേരി നിയോജകമണ്ഡലത്തിലെ ന്യൂ മാഹി-ചൊക്ലി റോഡിലെ ലെവൽ ക്രോസിൽ മേൽപാലം നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): ന്യൂ മാഹി- ചൊക്ലി റോഡിലെ ലെവൽ ക്രോസിൽ ഓവർബ്രിഡ്ജ് നിർമ്മിക്കേണ്ടതിന്റെ അടിയന്തര പ്രാധാന്യം റെയിൽവേ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

## IV മേശപ്പുറത്ത് വച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്ത് വച്ചു.

## V 113-ാം ചട്ടമനുസരിച്ചുള്ള ഹർജി സമർപ്പണം

സി.ആർ. ഇസഡ്. ചട്ടംമൂലമുള്ള നിയന്ത്രണങ്ങൾ

ചേർത്തല പട്ടണക്കാട് വിയാത്ര പ്രദേശത്തെ ആളുകൾക്ക് സി.ആർ.ഇസഡ്. നിയന്ത്രണംമൂലം ഭവനപദ്ധതി നടപ്പിലാക്കാൻ കഴിയുന്നില്ലെന്ന പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് അംഗം ശ്രീ. സി. ബി. മോഹൻദാസിന്റെ ഹർജി ശ്രീ. പി. പ്രസാദ് എം.എൽ.എ. സമർപ്പിച്ചു.

## VI റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിച്ചു.

## VII റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## VIII ക്രമപ്രശ്നം

ബില്ലിലെ അപാകത

ശ്രീ. എൻ. കെ. അക്ബർ: ബിൽ അവതരണത്തിന് മൂന്ന് ദിവസം മുമ്പ് പകർപ്പ് അംഗങ്ങൾക്ക് ലഭ്യമാക്കണമെന്ന നിയമസഭാ നടപടിചട്ടവും ക്രിമിനൽ നടപടിചട്ടങ്ങൾ സംബന്ധിച്ച കേന്ദ്രനിയമം മറികടക്കുന്നതിനായി രാഷ്ട്രപതിയുടെ മുൻകൂർ അനുമതി ആവശ്യമാണെന്ന ഭരണഘടനയുടെ അനുഛേദം 254(2)-ഉം ലംഘിക്കപ്പെട്ടിരിക്കുന്നു. സംസ്ഥാനത്തെ എല്ലാ സൈബർ പോലീസ് സ്റ്റേഷനുകളിലും മുതിർന്ന പൗര സൈബർ

സെൽ സ്ഥാപിക്കേണ്ടതും ഒരു മുതിർന്ന പൗര സൈബർ ഏകോപന ഓഫീസറെ നിയോഗിക്കേണ്ടതുമാണെന്നും സംസ്ഥാന-ജില്ലാ തലങ്ങളിൽ മുതിർന്ന പൗര സംരക്ഷണ യൂണിറ്റുകളും ഫോറങ്ങളും രൂപീകരിക്കേണ്ടതാണെന്നും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടും ഗണ്യമായ അനാവർത്തന ചെലവ് പ്രതീക്ഷിക്കുന്നില്ലെന്ന് പറഞ്ഞിരിക്കുന്നു. സംസ്ഥാന കരുതൽ നിധി രൂപീകരിക്കുന്നത് കോർപ്പസ് ഫണ്ട്, ഗ്രാന്റ്-ഇൻ-എയ്ഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന തുകകൾ തുടങ്ങിയവ ചേർന്നാണെന്ന് പ്രതിപാദിക്കുന്നുണ്ടെങ്കിലും ധനകാര്യ മെമ്മോറാണ്ടത്തിൽ അക്കാര്യം പ്രതിഫലിക്കുന്നില്ല. കരുതൽ നിധി സാധാരണയായി നിക്ഷേപിക്കുന്നത് സംസ്ഥാന ട്രഷറിയിലാണെന്നിരിക്കെ നിർദിഷ്ട കരുതൽ നിധിയിലേക്കുള്ള വരവുകൾ ദേശസാൽകൃത ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നത് അഭികാമ്യമല്ല. ലിവിങ് വിൽ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥ ദുരുപയോഗം ചെയ്യപ്പെടാവുന്നതും സുപ്രീംകോടതി നിർദേശിച്ച സുരക്ഷാ മാനദണ്ഡങ്ങളെ പൂർണ്ണമായും ലഘൂകരിക്കുന്നതും "അഡ്വാൻസ്ഡ് മെഡിക്കൽ ഡയറക്ടീവ് സംബന്ധിച്ച മാർഗനിർദേശങ്ങൾക്ക് വിരുദ്ധമാകുന്നതുമാണ്. സുപ്രീംകോടതി മാർഗനിർദേശങ്ങളെ മറികടക്കാൻ സംസ്ഥാന നിയമസഭകൾക്ക് അധികാരമില്ല. ഈ ന്യൂനതകൾ പരിഹരിക്കാതെ ബിൽ സഭയിൽ അവതരിപ്പിക്കാൻ പാടില്ലെന്ന് റൂളിങ് നൽകണം.

മുഖ്യമന്ത്രി (<u>ശ്രീ. വി. ഡി. സതീശൻ</u>): പ്രസ്തുത ബില്ലിലെ വകുപ്പ് 30(7)-ൽ "2023-ലെ ഭാരതീയ നാഗരിക സുരക്ഷാ സംഹിതയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്ട് പ്രകാരമുള്ള എല്ലാ കുറ്റങ്ങളും കോഗ്നൈസബിളും ജാമ്യം ലഭിക്കാവുന്നതും ആയിരിക്കുന്നതാണ്" എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത് ഇതൊരു സ്പെഷ്യൽ ആക്ട് ആയതിനാലും അതിൽ പീനൽ പ്രൊവിഷൻസ് നൽകാൻ നിയമമുള്ളതിനാലുമാണ്. ബില്ലിൽ പ്രയോഗിച്ചിരിക്കുന്ന വാക്കുകളിൽ മാറ്റം വരുത്തണമെങ്കിൽ സബ്ജക്ട് കമ്മിറ്റി പരിഗണനാവേളയിൽ പരിശോധിക്കാവുന്നതാണ്. ധനകാര്യ മെമ്മോറാണ്ടത്തിൽ ആവർത്തന, അനാവർത്തന ചെലവുകളെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളതിനാൽ കരുതൽ നിധി രൂപീകരണം സംബന്ധിച്ച് പരാമർശിച്ചിരിക്കുന്നതിൽ അപാകതയില്ല. സുപ്രീംകോടതിയുടെ മാർഗനിർദേശങ്ങൾ പരിഗണിച്ചുമാത്രമേ ചട്ടങ്ങൾ രൂപീകരിക്കുകയുള്ളൂ. ബിൽ പ്രസിദ്ധീകരിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ബഹുമാനപ്പെട്ട സ്പീക്കറുടെയും

നിയമസഭയുടെയും അധികാരപരിധിയിലുള്ളതാകയാൽ അക്കാര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കറാണ് റൂളിങ് നൽകേണ്ടത്.

**റൂളിങ്**

മി. സ്പീക്കർ: 2026-ലെ കേരളം മുതിർന്ന പൗരൻമാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബിൽ 10-10-2026-ന് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും അന്നേ ദിവസം അംഗങ്ങൾക്ക് കോപ്പി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ബില്ലിന്റെ അവതരണത്തിനുശേഷം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നതിന് മൂന്ന് പൂർണ്ണ ദിവസങ്ങൾക്കുമുമ്പ് ബില്ലിന്റെ പകർപ്പ് അംഗങ്ങൾക്ക് വിതരണം ചെയ്യേണ്ടതാണെന്ന് നിയമസഭാ ചട്ടങ്ങളിലെ ചട്ടം 76 (2)-ലെ ക്ലിപ്ത നിബന്ധനയിൽ വ്യക്തമാക്കിയിട്ടുണ്ട്. മൂന്ന് പൂർണ്ണ ദിവസങ്ങൾ ലഭിക്കാത്തപക്ഷം അംഗങ്ങൾക്ക് ഉപക്ഷേപത്തിന്റെ അവതരണത്തെ എതിർക്കാവുന്നതാണ്. സ്പീക്കർ വിവേചനാധികാരം ഉപയോഗിച്ച് അങ്ങനെ ഒരു ഉപക്ഷേപം അവതരിപ്പിക്കാൻ അനുവദിക്കാത്തപക്ഷം എതിർപ്പ് നിലനിൽക്കുന്നതാണ്.

പതിനഞ്ചാം കേരളനിയമസഭയുടെ കാലയളവിലും ഇത്തരത്തിൽ ബില്ലുകൾ ചട്ടപ്രകാരമുള്ള സമയപരിധി പാലിക്കാതെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന ഉപക്ഷേപം അവതരിപ്പിച്ചിട്ടുണ്ട്. Kerala Land Assignment (Amendment) Bill 2023, 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ എന്നിവ ബില്ലിന്റെ പകർപ്പ് അംഗങ്ങൾക്ക് വിതരണം ചെയ്ത അന്നുതന്നെ സഭയിൽ അവതരിപ്പിച്ചിട്ടുണ്ട്.

അടിയന്തര സാഹചര്യത്തിൽ സഭ മുമ്പാകെ വരുന്ന ബില്ലുകളിൽ ചട്ടപ്രകാരം ആവശ്യമായിട്ടുള്ള മൂന്ന് ദിവസം എന്ന സമയത്തിൽ ഇളവുവരുത്തി ചെയറിന്റെ വിവേചനാധികാരം ഉപയോഗിച്ച് ബിൽ അവതരിപ്പിക്കുന്നതിന് അനുമതി നൽകാറുണ്ട്. ഇനിയുള്ള സമ്മേളനങ്ങളിൽ ചട്ടപ്രകാരമുള്ള ദിവസങ്ങൾ അംഗങ്ങൾക്ക് ലഭിക്കത്തക്കവിധം ബില്ലുകൾ വിതരണം ചെയ്യാൻ അധികൃതർ കൃത്യമായി ശ്രദ്ധിക്കേണ്ടതാണ്.

ഈ ആക്ടിലെ വ്യവസ്ഥകൾ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിന് പുറമേയും അതിന് ഭംഗം വരുത്താതെയും ആയിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ കേന്ദ്ര നിയമത്തെ മറികടക്കുന്നതാണെന്നും ഭരണഘടനയുടെ അനുച്ഛേദം

254(2) പ്രകാരം രാഷ്ട്രപതിയുടെ മുൻകൂർ അനുമതി വേണമെന്നുമുള്ള വാദഗതി നിലനിൽക്കുന്നതല്ല.

ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ ആവർത്തന ചെലവിനത്തിൽ പ്രതിവർഷം ഇരുപത്തിയഞ്ചുലക്ഷം രൂപ ചെലവുണ്ടാകുമെന്നും മുതിർന്ന പൗരസംരക്ഷണ യൂണിറ്റ് രൂപീകരിക്കുന്നതിന് നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനാൽ ഗണ്യമായ അനാവർത്തന ചെലവ് പ്രതീക്ഷിക്കുന്നില്ലെന്നുമാണ് പറഞ്ഞിരിക്കുന്നത്.

സുപ്രീംകോടതി പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദേശങ്ങൾക്ക് വിരുദ്ധമായ പ്രൊവിഷൻസ് ഉണ്ടെങ്കിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനാവേളയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താവുന്നതാണ്. തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല.

**IX നിയമനിർമ്മാണ കാര്യം**

2026-ലെ കേരളം മുതിർന്ന പൗരന്മാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബിൽ

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): 2026-ലെ കേരളം മുതിർന്ന പൗരന്മാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): 2026-ലെ കേരളം മുതിർന്ന പൗരന്മാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): 2026-ലെ കേരളം മുതിർന്ന പൗരന്മാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബിൽ പാസ്സാകുന്നതോടുകൂടി കേരളനിയമസഭ ലോകത്തിനുതന്നെ മാതൃകയാകുകയാണ്. ഇന്ത്യയിൽ ആദ്യമായി മുതിർന്ന പൗരന്മാർക്കായി പ്രത്യേക വകുപ്പ് രൂപീകരിച്ച സംസ്ഥാനം കേരളമാണ്. ഡെമോഗ്രാഫിക് ചെയ്ഞ്ചസിന്റെ ഭാഗമായി പല കാരണങ്ങളാൽ കേരളത്തിൽ ചെറുപ്പക്കാരുടെ എണ്ണം കുറയുന്നതോടൊപ്പം ആയുർദൈർഘ്യം വർധിക്കുന്നതിന്റെ ഫലമായി മുതിർന്ന പൗരന്മാരുടെ എണ്ണവും വർധിക്കുന്നു. വയോജനക്ഷേമ വകുപ്പിന്റെ അടിസ്ഥാന ഘടകങ്ങൾ കെയറും സിൽവർ

ഇക്കോണമിയുമാണ്. സർവീസിൽനിന്ന് വിരമിക്കുന്ന മുതിർന്ന പൗരന്മാരുടെ ജീവിത പരിചയവും അറിവും സമൂഹത്തിന് ഗുണപരമാകുന്ന രീതിയിൽ പ്രയോജനപ്പെടുത്താൻ കഴിയണം. ഡാറ്റ ഡ്രൈവിലൂടെ മുതിർന്ന പൗരന്മാരുടെ വിവരങ്ങൾ ശേഖരിച്ച് തദ്ദേശസ്ഥാപനങ്ങളുടെ നിലവിലുള്ള സംവിധാനങ്ങളുമായി സംയോജിപ്പിച്ച് അയൽക്കൂട്ടം പോലുള്ള സംവിധാനം ഓരോ വാർഡിലും രൂപീകരിച്ച് അവരുടെ സംരക്ഷണം ഉറപ്പുവരുത്തണം. ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന കെയർ ഗിവർ കോഴ്സ് അടുത്ത വർഷം സംസ്ഥാനത്തുടനീളം ആരംഭിക്കുകയും പഠിതാക്കൾക്ക് ഒരു വർഷത്തെ ഇന്റേൺഷിപ്പ് നൽകി അവരുടെ സേവനം പ്രയോജനപ്പെടുത്തുകയും ചെയ്യാവുന്നതാണ്. സർക്കാർ ഫെസിലിറ്റേറ്ററായി നിന്നുകൊണ്ട് സ്റ്റാർട്ടപ്പുകൾക്കുള്ള സാങ്കേതിക ഉപദേശം നൽകുന്നതിനായി മുതിർന്ന പൗരന്മാരുടെ അറിവും പരിചയവും പ്രയോജനപ്പെടുത്താവുന്നതാണ്. മാതാപിതാക്കളെയും മുതിർന്നവരെയും സംരക്ഷിക്കുക എന്നതാണ് ഈ ബില്ലിന്റെ ലക്ഷ്യം. മുതിർന്ന പൗരന്മാരെ പരിചരിക്കുന്ന കേന്ദ്രങ്ങൾക്ക് കൃത്യമായ സർട്ടിഫിക്കേഷനും മിനിമം ഫെസിലിറ്റിയും ഉറപ്പുവരുത്തുന്ന ലൈസൻസിങ് സിസ്റ്റം ഏർപ്പെടുത്തുന്നതാണ്. എല്ലാവരുടെയും അഭിപ്രായങ്ങളും നിർദേശങ്ങളും പരിഗണിച്ചുകൊണ്ട് രാജ്യത്തിന് മാതൃകയാകുന്ന തരത്തിൽ ബിൽ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. വി. പി. സജീന്ദ്രൻ: 2026-ലെ കേരളം മുതിർന്ന പൗരന്മാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 10-01-2027 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിൽ മാറ്റങ്ങളുണ്ടാക്കാൻ സാധിക്കുന്ന ബില്ലാണിത്. മുതിർന്ന പൗരന്മാരുടെ സുരക്ഷിതത്വത്തിനുവേണ്ടി ഓരോ വാർഡിലും നിരീക്ഷണ സംവിധാനം ഏർപ്പെടുത്തണം. 80 വയസ്സിന് മുകളിലുള്ളവരെ പ്രത്യേക കാറ്റഗറിയിലുൾപ്പെടുത്തി കൂടുതൽ പരിചരണം ലഭ്യമാക്കുന്നതിന് ആശാവർക്കർ, കുടുംബശ്രീ എന്നിവയുടെ സേവനം ഉപയോഗപ്പെടുത്തണം. സ്വന്തം വീട്ടിൽ ജീവിക്കാൻ ആഗ്രഹിക്കുന്ന മുതിർന്ന പൗരന്മാർക്ക് അതിനുള്ള സാഹചര്യം സൃഷ്ടിക്കണം. മറ്റ് വരുമാനമില്ലാതെ ക്ഷേമപെൻഷൻ മാത്രം ആശ്രയിച്ച് ജീവിക്കുന്നവർക്ക് ആവശ്യമായ സംരക്ഷണം നൽകണം. മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനുവേണ്ടി വകുപ്പ് രൂപീകരിക്കുന്നതിന് തുക വകയിരുത്തിയത് അഭിനന്ദനാർഹമാണ്.

ശ്രീ. നജീബ് കാന്തപുരം: 2026-ലെ കേരളം മുതിർന്ന പൗരൻമാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മുതിർന്ന പൗരന്മാർക്കായി പ്രത്യേക വകുപ്പ്

രൂപീകരിക്കുന്നതിനുള്ള ബിൽ അവതരിപ്പിച്ചത് അഭിനന്ദനീയമാണ്. ബില്ലിൽ പരാമർശിക്കുന്ന സിൽവർ ഇക്കോണമി എന്ന ആശയം ശ്രദ്ധേയമാണ്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മുതിർന്ന പൗരന്മാർക്ക് ഉപരിപഠനത്തിന് അവസരം നൽകുന്നതോടൊപ്പം, പുതുതലമുറയിലെ ടെക്നോളജിയും പഴയ തലമുറയുടെ എക്സ്പീരിയൻസും പങ്കുവയ്ക്കാൻ സഹായിക്കുന്ന കരിക്കുലം രൂപകല്പന ചെയ്യണം. മുതിർന്ന പൗരന്മാരുടെ ഡാറ്റാ പ്രൊട്ടക്ഷന്റെ കാര്യത്തിൽ ശ്രദ്ധ ആവശ്യമാണ്. വയോജനങ്ങളുടെ സുരക്ഷയും അവകാശങ്ങളും കൃത്യമായി നടപ്പാക്കുന്നതിനായി വിഭാവന ചെയ്തിരിക്കുന്ന ത്രീ ടയർ സംവിധാനത്തിലെ സ്റ്റേറ്റ് ലെവൽ ഘടനയിൽ, മൂന്ന് എൻ.ജി.ഒ. പ്രതിനിധികളെയെങ്കിലും ഉൾപ്പെടുത്തണം. വയോജന പരിചരണത്തിന് ഹയർ സെക്കൻഡറിതലം മുതലുള്ള വിദ്യാർഥികളെക്കൂടി പങ്കാളികളാക്കുന്നതിന് സഹായകമാകുന്ന വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണം. സംസ്ഥാനത്തെ വയോജന പരിചരണ കേന്ദ്രങ്ങളിൽ (Care Centres) അന്തേവാസികൾക്ക് ആവശ്യമായ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി ഒരു ഡോക്ടറുടെയും നഴ്സിന്റെയും സേവനം ലഭ്യമാക്കണം. ചട്ടങ്ങൾ ലംഘിക്കുന്ന മുതിർന്ന പൗര പരിചരണ കേന്ദ്രങ്ങളുടെ രജിസ്ട്രേഷൻ റദ്ദാക്കാനുള്ള അധികാരം ജില്ലാ ഫോറത്തിന് നൽകണം.

ശ്രീ. ബി. ബി. ഗോപകുമാർ: 1(എ) ഭേദഗതിയെ പിന്താങ്ങുന്നു. ജില്ലാതല മുതിർന്ന പൗര സംരക്ഷണ യൂണിറ്റുകളുടെ രൂപീകരണം സ്വാഗതാർഹമാണ്. രാഷ്ട്രീയ വയോശ്രീ യോജന, ഇന്റഗ്രേറ്റഡ് പ്രോഗ്രാം ഫോർ സീനിയർ സിറ്റിസൺസ്, ആയുഷ്മാൻ വയ വന്ദന യോജന എന്നീ കേന്ദ്ര പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കണം. സംസ്ഥാനത്തെ മുതിർന്ന പൗരന്മാർക്ക് ആദരവും പരിഗണനയും അവകാശങ്ങളും ലഭ്യമാക്കി സുരക്ഷിത ജീവിതം നയിക്കാനാവശ്യമായ വ്യവസ്ഥകൾ ബില്ലിന്റെ ഭാഗമായുണ്ടാകണം.

ശ്രീ. ജി. സുധാകരൻ: 2(ബി) ഭേദഗതിയെ പിന്താങ്ങുന്നു.സ്വത്ത് വിഭജനത്തിനുശേഷം മാതാപിതാക്കളെ സംരക്ഷിക്കുന്നതിൽ വീഴ്ചവരുത്തുന്നവരിൽനിന്ന് സ്വത്ത് തിരിച്ചെടുക്കാനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): ബില്ലുമായി ബന്ധപ്പെട്ട് അംഗങ്ങൾ നൽകിയ നിർദേശങ്ങൾ സ്വാഗതാർഹമാണ്. മുതിർന്ന പൗരന്മാർക്കൊപ്പം സർക്കാരും ജനങ്ങളും ഉണ്ടെന്നുള്ള ആത്മവിശ്വാസം നൽകാൻ സാധിക്കുന്ന ബില്ലാണിത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2026-ലെ കേരളം മുതിർന്ന പൗരന്മാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(സഭ ഉച്ചയ്ക്കുശേഷം 1.48-ന് പിരിഞ്ഞു.)